# പ്രസിദ്ധീകരണത്തിന്

## എം. എസ്. സി ബയോടെക്നോളജി/ മൈക്രോബയോളജി സീറ്റ് ഒഴിവ്.

കണ്ണൂർ സർവ്വകലാശാലയുടെ പാലയാട് ഡോ. ജാനകി അമ്മാൾ കാമ്പസിൽ ഒന്നാം വർഷ എം. എസ്. സി ബയോടെക്നോളജി, എം. എസ്. സി മൈക്രോബയോളജി എന്നീ കോഴ്സുകളിൽ എസ്.ടി വിഭാഗത്തിൽ ഒന്നുവീതം സീറ്റ് ഒഴിവുണ്ട്. ബി.എസ്.സി.ലൈഫ് സയൻസ് വിഷയങ്ങളിൽ യോഗ്യതയുള്ളവർ അസ്സൽ പ്രമാണങ്ങൾ സഹിതം ബയോടെക്നോളജി & മൈക്രോബയോളജി വകുപ്പിൽ 01-11-2021 തിങ്കളാഴ്ച രാവിലെ 11:00 മണിക്ക് മുന്പായി ഹാജരാകുവാൻ അറിയിക്കുന്നു.

## എം. എസ്. സി കംപ്യൂട്ടേഷണൽ ബയോളജി സീറ്റ് ഒഴിവ്.

കണ്ണൂർ സർവ്വകലാശാലയുടെ പാലയാട് ഡോ. ജാനകി അമ്മാൾ കാമ്പസിൽ ഒന്നാം വർഷ എം.എസ്.സി.കംപ്യൂട്ടേഷണൽ ബയോളജി പ്രോഗ്രാമിൽ എസ്.സി / എസ്.ടി വിഭാഗത്തിൽ രണ്ട് സീറ്റ് ഒഴിവുണ്ട്. ബി.എസ്.സി.ലൈഫ് സയൻസ് വിഷയങ്ങൾ / കെമിസ്ട്രി/ ഫിസിക്സ് /കമ്പ്യൂട്ടർ സയൻസ് / മാത്തമാറ്റിക്സ് യോഗ്യതയുള്ളവർ അസ്സൽ പ്രമാണങ്ങൾ സഹിതം ബയോടെക്നോളജി & മൈക്രോബയോളജി വകുപ്പിൽ 02.11.2021 ചൊവ്വാഴ്ച രാവിലെ 11:00 മണിക്ക് മുന്പായി ഹാജരാകുവാൻ അറിയിക്കുന്നു. ഫോൺ: 9110468045.

## ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 16. 11. 2021 ന്.

കണ്ണൂർ സർവ്വകലാശാലയിൽ സാമ്പത്തിക ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന അഞ്ജലി പി.കെ എന്ന വിദ്യാർത്ഥി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 16. 11. 2021 ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു .പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് എകണോമിക്സ് വിഭാഗം ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും.

## അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്.

കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ സയൻസസ് പഠന വകുപ്പിൽ മണിക്കൂർ വേതന വ്യവസ്ഥയിൽ ഒരു അസിസ്റ്റൻറ് പ്രൊഫസറുടെ ഒഴിവുണ്ട്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 01.11.2021 ന് രാവിലെ 10 മണിക്ക് മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലുള്ള പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. നെറ്റ് / പി.എച്ച്.ഡി യോഗ്യതയുള്ളവർക്ക് മുൻഗണന. നെറ്റ് / പി.എച്ച്.ഡി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കുന്നതാണ്.

## ഹോൾടിക്കറ്റ്

- **ഒന്നാം** സെമസ്റ്റർ **ബി. എ. എൽഎൽ. ബി.** (റെഗുലർ/ സപ്ലിമെന്ററി), നവംബർ 2020 പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഓഫ്ലൈനായി അപേക്ഷിച്ചവർക്ക് പരീക്ഷാ കേന്ദ്രത്തിൽ നിന്നും ഹോൾടിക്കറ്റ് കൈപ്പറ്റാം. ഹോൾടിക്കറ്റ് ലഭിക്കാത്തവർ 30.10.2021 ന് മുൻപായി ഓഫീസുമായി ബന്ധപ്പെടുക.
- **02.11.2021** ന് ആരംഭിക്കുന്ന **നാലാം** സെമസ്റ്റർ **ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2021 പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## മേഴ്സി ചാൻസ് പരീക്ഷകൾ

**ആറാം** സെമസ്റ്റർ **ബിരുദ** (2009 – 2013 അഡ്മിഷനുകൾ) മേഴ്സി ചാൻസ് പരീക്ഷകൾ **24.11.2021** ന് ആരംഭിക്കും.

## പരീക്ഷാഫലം

**01.11.2021** ന് നടക്കുന്ന **രണ്ടാം** വർഷ വിദൂരവിദ്യാഭ്യാസ ബിരുദ **2c02HIS-Colonialism & National Movement in Modern India, 2C02ECO-Introductory Economics** പരീക്ഷകളുടെ സമയം ഉച്ചക്ക് **2 മണി മുതൽ 5 മണി** വരെ ആയിരിക്കും.